**മധുരമായ കുട്ടികളെ– ബാബയുടേതായിയെങ്കിൽ ഫസ്റ്റ് നമ്പർ നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ, മമ്മാ–ബാബയെ അനുകരിക്കുന്നതിലൂടെ, പഠിത്തത്തിൽ ശ്രദ്ധിക്കുന്നതിലൂടെ ഫസ്റ്റ് നമ്പറിൽ വരാൻ സാധിക്കും.**

**ചോദ്യം–** മൻമത്തനുസരിച്ച് ചെയ്തിട്ടുള്ള കർമ്മത്തിന്റെ ഫലവും, ശ്രീമത്തനുസരിച്ച് ചെയ്തിട്ടുള്ള കർമ്മത്തിന്റെ ഫലവും തമ്മിലുള്ള വ്യത്യാസമെന്ത്?
**ഉത്തരം–** ആര് തന്റെ ഹിതമനുസരിച്ച് കർമ്മം ചെയ്യുന്നുവോ, മുമ്പോട്ടു പോകവേ കർമ്മം അവരെ ചതിക്കും, ദുഃഖിയായിക്കൊണ്ടിരിക്കും. മൻമത്ത് അർത്ഥം മായയുടെ മതത്തിലൂടെ ചിലർ പാപ്പരായി തീരുന്നു, ചിലർ രോഗിയായി തീരുന്നു, ചിലർക്ക് അകാല മൃത്യു ഉണ്ടാകുന്നു.... ഇതെല്ലാം കർമ്മത്തിന്റെ ചതിയാണ്. ശ്രീമത്തനുസരിച്ച് കുട്ടികൾ അങ്ങനെയുള്ള ശ്രേഷ്ഠമായ കർമ്മമാണ് ചെയ്യുന്നത്, ഇനി അര കല്പം കർമ്മം കുടുക്കുകയില്ല.

**ഗീതം–** അങ്ങയെ നേടിയ ഞങ്ങൾ മുഴുവൻ ലോകത്തെയും നേടി......

**ഓം ശാന്തി**. കുട്ടികൾ ഗീതത്തിന്റെ രണ്ട് വരികൾ കേട്ടു. നമ്മൾ പരിധിയില്ലാത്ത അച്ഛനെ പ്രാപ്തമാക്കി അതിനാൽ പരിധിയില്ലാത്ത അച്ഛനിൽ നിന്നും മുഴുവൻ വിശ്വത്തിന്റെ ചക്രവർത്തി പദവിയാണ് നേടികൊണ്ടിരിക്കുന്നത്. ഭാരതത്തിൽ ദേവീ ദേവതമാരുടെ രാജ്യമായിരുന്ന സമയത്ത് മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല എന്നുള്ളത് സാധാരണ ബുദ്ധിയിലൂടെ തന്നെ മനസ്സിലാക്കാൻ സാധിക്കും. ലക്ഷ്മീ നാരായണന്റെ കുലമായിരുന്നു. ഏതു പോലെ എഡ്വേർഡ് ഒന്നാമൻ, രണ്ടാമൻ എന്നിവരുടെ രാജ്യഭരണം നടക്കുന്നുണ്ടല്ലോ, അത് ഇംഗ്ലണ്ടിൽ. ഭാരതത്തിൽ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നപ്പോൾ മുഴുവൻ വിശ്വത്തിലും അവരുടെ രാജ്യമായിരുന്നു. ഇത് മനുഷ്യർ മറന്നു പോയി. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയെ നേടി അർത്ഥം വിശ്വത്തിന്റെ രാജ്യ ഭാഗ്യം നേടി. ബാബ സ്വയം പറയുന്നു– കുട്ടികളെ, നിങ്ങൾ മറന്നു പോയി. ഈ ഭാരതത്തിൽ ദേവീ ദേവതമാരുടെ രാജ്യമായിരുന്നപ്പോൾ, സത്യയുഗമായിരുന്നപ്പോൾ നിങ്ങൾ മുഴുവൻ വിശ്വത്തിന്റെ അധികാരികളായിരുന്നു. വിഭജനം ഒന്നും ഉണ്ടായിരുന്നില്ല. ലക്ഷ്മീ നാരായണൻ ഡബിൾ കിരീടധാരികളായിരുന്നു. വലിയ വലിയ രാജാക്കൻമാർ പോലും പൂജിക്കുന്നതിന് തന്റെ കൊട്ടാരത്തിൽ ലക്ഷ്മീ നാരായണന്റെ അഥവാ രാമൻ സീതയുടെ ക്ഷേത്രം പണിയുന്നു. അവരും ഭാരതത്തിലെ രാജാക്കൻമാർ, ഇവരും ഭാരതത്തിലെ രാജാക്കൻമാർ. സത്യ ത്രേതായുഗത്തിൽ ലക്ഷ്മീ നാരായണൻ, രാമൻ സീതയുടെ രാജ്യമായിരുന്നു, പിന്നീട് വികാരി രാജാക്കൻമാർ. എങ്ങനെ വികാരി രാജാക്കൻമാരായി തീരുന്നു? ഈ കാര്യങ്ങൾ ശിവബാബ ബ്രഹ്മാവിലൂടെ മനസ്സിലാക്കി തരുന്നു. പാടാറുണ്ട് പൂജനീയരും പൂജാരിയും. സതോപ്രധാനത്തിൽ നിന്നും തീർച്ചയായും തമോപ്രധാനമാകണം. പറയുന്നു– ഹേ കുട്ടികളെ, നിങ്ങൾ ആദ്യം സത്യയുഗത്തിൽ സതോഗുണി മഹാരാജാവും, മഹാറാണിയുമായിരുന്നു, സമ്പൂർണ്ണ പവിത്രമായിരുന്നു. ഇത് കുട്ടികൾക്ക് ഓർമ്മയുണ്ട്. നമ്മൾ പൂജനീയരായിരുന്നു, ഇപ്പോൾ അല്ല, വീണ്ടും പുരുഷാർത്ഥത്തിലൂടെ ആ പദവി പ്രാപ്തമാക്കി കൊണ്ടിരിക്കുന്നു. മായ പൂജാരിയാക്കി തീർത്തു. ഈ ലഭിക്കുന്ന അറിവ് ധാരണ ചെയ്യണം. കോളേജിൽ ലഭിക്കുന്ന അറിവ് വിദ്യാർത്ഥികളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കുമല്ലോ. കുട്ടികളുടെ ബുദ്ധിയിലുണ്ട്– നമ്മൾ ഭാരതവാസികൾ ദേവതമാരായിരുന്നു, കഴിഞ്ഞ കല്പത്തിലും ബാബ രാജയോഗം പഠിപ്പിച്ചിരുന്നു. മുഖ്യം ഗീതയുടെ കാര്യമാണ്. ആരെയെങ്കിലും കാണുമ്പോൾ ചോദിക്കൂ– ഗീത എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ, പഠിച്ചിട്ടുണ്ടോ? അതിൽ പറഞ്ഞിട്ടുണ്ട്– ഭഗവാനുവാചാ എന്ന്. അപ്പോൾ എങ്ങനെ കേൾപ്പിക്കുന്നു? ഭഗവാൻ പഠിപ്പിക്കുന്നുവെന്ന് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ഒരേയൊരു ഗീതയിലാണ് ഭഗവാനുവാചാ എന്നുള്ളത്. നിങ്ങൾ കുട്ടികൾക്കറിയാം ഭഗവാൻ വന്ന് രാജയോഗം പഠിപ്പിച്ചിരുന്നു, ഞാൻ നിങ്ങളെ രാജാക്കൻമാരുടെയും രാജാവാക്കാം എന്ന് പറഞ്ഞിരുന്നു. അവർ കൃഷ്ണന്റെ പേരാണ് കാണിക്കുന്നത്. കൃഷ്ണൻ സത്യയുഗത്തിലെ പ്രിൻസായിരുന്നു. ബാബയിൽ നിന്നാണ് കൃഷ്ണൻ ഈ പദവി നേടിയത്. കൃഷ്ണൻ ഒറ്റയ്ക്കല്ലായിരുന്നു. ലക്ഷ്മീ നാരായണന്റെ രാജധാനിയായിരുന്നു, അതിപ്പോൾ വീണ്ടും സ്ഥാപിതമായി കൊണ്ടിരിക്കുന്നു. കൃഷ്ണൻ പൂർണ്ണമായും 84 ജന്മങ്ങളെടുത്ത് വീണ്ടും ആ രാജ്യം നേടി കൊണ്ടിരിക്കുന്നു. അതിനാൽ കുട്ടികളുടെ ബുദ്ധിയിൽ ഇത് ഉണ്ടായിരിക്കണം. 5000 വർഷങ്ങൾക്ക് മുമ്പും ഭഗവാൻ രാജയോഗം പഠിപ്പിച്ചിരുന്നു. ഭഗവാൻ ജ്ഞാനത്തിന്റെയും ആനന്ദത്തിന്റെയും സാഗരനാണ്. കൃഷ്ണന് ഈ ടൈറ്റിൽ നല്കാൻ സാധിക്കില്ല. ബാബ തത്വങ്ങൾ സഹിതം മുഴുവൻ സൃഷ്ടിയുടെ മേൽ ദയ കാണിക്കുന്നു. അത് ഭഗവാനല്ലാതെ മറ്റാർക്കും ചെയ്യാൻ സാധിക്കില്ല. ഇവിടെ നോക്കൂ, തത്വങ്ങൾ സർവ്വതും തമോപ്രധാനമാണ്. മഴ വരുന്നു,

നഷ്ടം വരുത്തുന്നു. ഇതെല്ലാം നിയമവിരുദ്ധമല്ലേ. സത്യയുഗത്തിൽ നിയമ വിരുദ്ധമായ, നഷ്ടമുണ്ടാകുന്ന രീതിയിലുള്ള ഒരു കാര്യവുമില്ല. കൃഷിയെല്ലാം സമയത്ത് തയ്യാറാകും. സമയത്ത് ജലം ലഭിക്കും. അവിടെ ഉപദ്രവങ്ങളൊന്നുമില്ല. ഈ മായയുടെ ഉപദ്രവങ്ങളാണ് നമ്മെ ദുഃഖിയാക്കുന്നത്. മായയുടെ അർത്ഥം പോലും മനുഷ്യർ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ബാബയെയാണ് പരമ പിതാ പരമാത്മാവ് അർത്ഥം പരമ ആത്മാവ് എന്ന് പറയുന്നത്. പറയേണ്ടതും ഇങ്ങനെ കൃത്യമായിട്ട് വേണം.

ബാബ പറയുന്നു ഞാൻ നിങ്ങളെ അങ്ങനെയുള്ള കാർമ്മമാണ് പഠിപ്പിക്കുന്നത്, ആ കർമ്മം നിങ്ങളെ ഒരിക്കലും ചതിക്കില്ല. മൻമത്തനുസരിച്ച് നടക്കുന്നതിലൂടെയല്ലേ ഒരോ മനുഷ്യന്റെയും കർമ്മം മോശമാകുന്നത്. പനി, ചുമ വരുന്നതും കർമ്മ കണക്കല്ലേ. പാപ്പരാകുന്നതും കർമ്മത്തിന്റെ ഫലമാണ്. നിങ്ങളെ ബാബ ശ്രേഷ്ഠമായ കർമ്മമാണ് പഠിപ്പിക്കുന്നത്. ആര് എത്രത്തോളം പഠിക്കുന്നുവൊ അത്രത്തോളം സ്വർഗ്ഗത്തിൽ ഉയർന്ന പദവി പ്രാപ്തമാക്കുന്നു. ഏതുപോലെ നാടകം കാണാൻ ചിലർ പ്രത്യേകമായ സീറ്റ് റിസർവ് ചെയ്യുന്നു. പിന്നെ നമ്പറനുസരിച്ച് സെക്കന്റ് ക്ലാസ്സ്, തേർഡ് ക്ലാസ്സ്... നല്ല നല്ല ആളുകൾ അടുത്തുള്ള സീറ്റെടുക്കുന്നു. പഠിത്തത്തിലും അതേപോലെയാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെ അധികാരിയാക്കാനാണ് വന്നിരിക്കുന്നത്, ആര് എത്രത്തോളം പഠിക്കുന്നുവൊ, പഠിത്തം വളരെ സഹജമാണ്. പഠിപ്പിക്കുന്നവൻ നിരാകാരനാണ്. പേര് വ്യാസനെന്നോ കൃഷ്ണനെന്നോ അല്ല. അവർക്കെല്ലാം ചിത്രങ്ങളുണ്ട്. ബ്രഹ്മാവിന്റെയും കൃഷ്ണന്റെയും ചിത്രമുണ്ട്. സ്ഥൂലം അഥവാ സൂക്ഷ്മ ചിത്രമുണ്ടെങ്കിൽ അവരെ ഭഗവാൻ എന്ന് പറയാനാകില്ല. ഒരേയൊരു ഭഗവാനെയാണ് ശിവൻ എന്ന് പറയുന്നത്. എത്ര തന്നെ ക്ഷേത്രങ്ങളുണ്ടെങ്കിലും യഥാർത്ഥത്തിൽ പേര് ബാബയ്ക്ക് മാത്രമേയുള്ളൂ, അത് ഒരിക്കലും മാറില്ല. അത് നിരാകാരനായ പരമപിതാ പരമാത്മാവാണ്. ഇത് ആരാണ് പറഞ്ഞത്? നിരാകാരിയായ ആത്മാവ് പറയുന്നു പരമപിതാ പരമാത്മാവ് പരംധാമിൽ വസിക്കുന്നു. നമ്മൾ ആത്മാക്കൾ ബാബയുടെ സന്താനങ്ങളാണ്. നമ്മളും അവിടെ നിന്ന് പാർട്ടഭിനയിക്കാൻ വന്നിരിക്കുന്നു. ഇപ്പോൾ ഓരോ അഭിനേതാവിന്റെയും ബയോഗ്രഫി കേൾപ്പിക്കാനാകില്ല. മുഖ്യമായിട്ടുള്ളവരുടേത് മാത്രമാണ് കേൾപ്പിക്കാറുള്ളത്. ഇവിടെയും മുഖ്യമായിട്ടുള്ള ആളുകളുടെ ബയോഗ്രഫിയല്ലേ കേൾപ്പിക്കുന്നത്. ഇപ്പോൾ മുഴുവൻ പരിധിയില്ലാത്ത സൃഷ്ടിയിൽ ഉയർന്നതിലും വെച്ച് ഉയർന്ന മനുഷ്യൻ ആരാണ്? നാടകത്തിൽ ഉയർന്നതിലും വെച്ച് ഉയർന്ന പാർട്ട് ആർക്കാണ്? ഇതും മനസ്സിലാക്കണം. നമ്മൾ അഭിനേതാക്കൾക്ക് ബാബ മനസ്സിലാക്കി തരുന്നു. രചയിതാവ്, ഡയറക്ടർ ബാബ തന്നെയാണ്. ശിവബാബ ബ്രഹ്മാവിന് നിർദ്ദേശം നല്കുന്നു–താങ്കൾക്ക് ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യണം, സ്ഥാപന ചെയ്ത് പിന്നെ പാലിക്കണം, ഞാൻ ചെയ്യില്ല. നിങ്ങളെ പഠിപ്പിക്കുന്നു, നിർദ്ദേശം നല്കുന്നു. ചെയ്യുന്നവനും ചെയ്യിക്കുന്നവനുമല്ലേ. സ്വയവും ചെയ്യുന്നു. ജ്ഞാനം കേൾപ്പിക്കുന്നു, നിങ്ങളെ കൊണ്ടും ചെയ്യിക്കുന്നു. ശ്രീമത്ത് ലഭിക്കുന്നു–ഇന്നത് ചെയ്യൂ എന്ന്. ഡ്രാമയനുസരിച്ച് ബ്രഹ്മാവ് സ്ഥാപന ചെയ്ത് പിന്നെ രാജ്യം ഭരിക്കും. ബ്രാഹ്മണരും, ബ്രാഹ്മണിമാരും രാജ്യം ഭരിക്കും.

അതിനാൽ ബാബ മനസ്സിലാക്കി തരുന്നു ഞാൻ നിരാകാരനാണ്, ബാക്കി സർവ്വരും സാകാരിയാണ്. ഇപ്പോൾ നിരാകാരനായ പരമപിതാ പരമാത്മാവ് ആത്മാക്കൾക്ക് നിർദ്ദേശം നല്കുന്നു. ആത്മാവ് ഈ ചെവികളിലൂടെ കേൾക്കുന്നു, മുഖത്തിലൂടെ സംസാരിക്കുന്നു. അതിനാൽ ഏറ്റവും മുഖ്യം പരമപിതാ പരമാത്മാവാണ് പിന്നെ സൂക്ഷ്മ വതനവാസി ബ്രഹ്മാ, വിഷ്ണു, ശങ്കരൻ പിന്നെ സംഗമയുഗത്തിൽ ജഗദംബ സരസ്വതിയും ജഗത്പിതാ ബ്രഹ്മാവും. ഇവർ വലുതിലും വെച്ച് വലിയവരല്ലേ. ഇവരിലൂടെയാണ് രചിക്കുന്നത്. നിങ്ങൾ സർവ്വരും ചേർന്ന് ഭാരതത്തെ സ്വർഗ്ഗമാക്കുന്നു, ബാബയുടെ സഹയോഗത്തിലൂടെ നിങ്ങൾ മനുഷ്യനെ ദേവതയാക്കുന്നു. സത്യയുഗത്തിലുള്ളത് ദേവീക സമ്പ്രദായമാണ്. ബാബ പറയുന്നു ഒരിക്കലും ദുഃഖിയാകാത്ത രീതിയിലുള്ള കർമ്മമാണ് ഞാൻ നിങ്ങളെ പഠിപ്പിക്കുന്നത്. ഇപ്പോൾ എല്ലാത്തിന്റെയും ആധാരം പുരുഷാർത്ഥമാണ്. ബാബയുടേതായി ഫസ്റ്റ് ക്ലാസ്സ് ടിക്കറ്റെടുക്കാം, സൂര്യവംശിയാകാം, വേണമെങ്കിൽ ചന്ദ്രവംശിയാകാം. ഇതറിയാം നിങ്ങളുടെ മമ്മാ ബാബ ഏറ്റവും കൂടുതൽ പുരുഷാർത്ഥം ചെയ്യുന്നുണ്ട്. സേവനം ചെയ്യുന്നു. അവർ മഹാരാജാ മഹാറാണിയായി തീരും. നിങ്ങൾ അവരുടെ സിംഹാസനത്തിലിരിക്കില്ലേ അതോ തോറ്റുപോകുമോ. ജഗദംബയ്ക്ക് എത്ര മഹിമയാണ്. സരസ്വതി ബ്രഹ്മാവിന്റെ പുത്രിയാണ്. അപ്പോൾ രണ്ടു പേരുടെയും ക്ഷേത്രം വേറെ വേറെയായിരിക്കണം. ബ്രഹ്മാവിനും അജ്മീറിൽ വലിയ ക്ഷേത്രമുണ്ട്. അത് ജഗത് പിതാവ്, ഇത് ജഗത് മാതാവും, ജഗത്തിനെ രചിക്കുന്നവർ.

മുഖ്യമായും 4 ധർമ്മങ്ങളുണ്ട്, പിന്നെ ചെറിയ ചെറിയ മഠങ്ങളും ഉണ്ടാകുന്നു. പരസ്പരം കലഹിച്ചു കൊണ്ടിരിക്കുന്നു കാരണം വിഭാഗീയത വളരെയധികമുണ്ട്. അവിടെയുമിവിടെയും വഴക്ക് ഉണ്ടാകുന്നു.

സത്യയുഗത്തിൽ ഇങ്ങനെ ഉണ്ടാകില്ല. അതിനാൽ ബാബ മനസ്സിലാക്കി തരുന്നു- മധുരമായ ഓമന കുട്ടികളെ, ഈ നാടകത്തെ മനസ്സിലാക്കണം. ഇതറിയാം നമ്മൾ ആത്മാക്കൾ പരംധാമിൽ നിന്നും വരുന്നു, ഗർഭത്തിൽ ശരീരം ധരിച്ച് പാർട്ടഭിനയിക്കുന്നു. ഇപ്പോൾ പാർട്ട് പൂർത്തിയായി, ഇനി ഈ ശരീരം ഉപേക്ഷിച്ച് അശരീരിയായി തിരികെ പോകണം. ബാബ വന്നിരിക്കുന്നു, ശിവ ജയന്തിയുമുണ്ട്. തീർച്ചയായും ശിവബാബ അവതരിച്ചിട്ടുണ്ട്. ബാബയുടെ ജയന്തി എപ്പോൾ, എങ്ങനെ ഉണ്ടായി, വന്നിട്ട് എന്ത് ചെയ്തു- ഇത് ആർക്കും അറിയില്ല. തീർച്ചയായും ഭാരതത്തെ സ്വർഗ്ഗമാക്കിയിട്ടുണ്ട്. ബാബ വന്നില്ലായിരുന്നെങ്കിൽ കുട്ടികളെ ആര് പഠിപ്പിക്കുമായിരുന്നു! ബാക്കിയുള്ളവരുടെ നിർദ്ദേശങ്ങളെല്ലാം കലിയുഗിയാണ്, ആസുരീയ നിർദ്ദേശങ്ങളാണ്. അതിലൂടെ ശ്രേഷ്ഠമാകാൻ സാധിക്കില്ല. ഇപ്പോൾ ഞാൻ നിങ്ങൾക്ക് ശ്രേഷ്ഠമായ നിർദ്ദേശങ്ങൾ നല്കുന്നു. മറ്റാരുടെയും നിർദ്ദേശമനുസരിച്ച് നടക്കരുത്. ഞാൻ ശ്രേഷ്ഠരിലും വെച്ച് ശ്രേഷ്ഠമാണ്, തീർച്ചയായും ശ്രേഷ്ഠമാക്കും. അതിനാൽ ആ ശ്രീമത്തനുസരിക്കണം, മറ്റുള്ളവരുടെ നിർദ്ദേശമനുസരിച്ചുവെങ്കിൽ ചതിക്കപ്പെടും. ഓരോ ചുവടിലും ശ്രീമത്തനുസരിക്കുകയാണെങ്കിൽ ലക്ഷ്മീ നാരായണന് സമാനമാകും. ബാബയുടെ തന്നെ മഹിമയാണ്- ത്വമേവ മാതാശ്ച, പിതാ ത്വമേവ......ഞാൻ അച്ഛൻ, ടീച്ചർ, സത്ഗുരുവിന്റെ രൂപത്തിൽ നിങ്ങൾക്ക് നിർദ്ദേശം നല്കുന്നു, അതിലൂടെ നിങ്ങൾ ലക്ഷ്മീ നാരായണന് സമാനമായി തീരുന്നു. ഈ ജ്ഞാനം നിങ്ങൾക്കുള്ളതിനാൽ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. നമ്പറനുസരിച്ചല്ലേ. നിങ്ങൾക്കറിയാം മമ്മ കുട്ടികളെ റിഫ്രഷ് ആക്കുമായിരുന്നു, ബാബയും ആക്കുമായിരുന്നു. അതിനാൽ കുട്ടികളും ബാബയെ അനുകരിക്കണം. ബാബാ ഞാൻ അങ്ങയിൽ നിന്ന് കേട്ട് മറ്റുള്ളവരെ കേൾപ്പിക്കും. വളരെ സഹജമാണ്. പറയൂ- ഭഗവാന്റെ വാക്കുകൾ എന്ന് എഴുതിയിട്ടുണ്ട്. ഭഗവാൻ നിരാകാരനാണ്. നിങ്ങൾക്കറിയാം നാടകത്തിൽ ഈ വേദ ശാസ്ത്രങ്ങളെല്ലാം നേരത്തെ തന്നെ ഉണ്ടാക്കി വെച്ചിട്ടുണ്ട്. ശാസ്ത്രങ്ങളിൽ എന്തെല്ലാമുണ്ടോ, എങ്ങനെ ഉണ്ടാക്കിയിട്ടുണ്ടോ വീണ്ടും അതേ പോലെ പിന്നീട് ഉണ്ടാകും. എത്രയോ ഗുഹ്യമായ കാര്യങ്ങളാണ്. ഗുഹ്യമായ കാര്യങ്ങൾ കേൾപ്പിച്ചു കൊണ്ടിരിക്കും. കുട്ടികൾ മനസ്സിലാക്കി മനസ്സിലാക്കി കൊടുക്കണം. വ്യാസനും ഒരു മനുഷ്യനല്ലേ. ഭഗവാൻ എന്ന് ആരെയാണ് പറയുന്നത്! ബാബ സർവ്വരുടെയും അച്ഛനാണ്. കൃഷ്ണനല്ല. കൃഷ്ണന്റെ ചരിത്രത്തെയും കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. ഭഗവാൻ സൃഷ്ടിയുടെ രചയിതാവാണ്. രാജയോഗം പഠിപ്പിച്ചത് ഭഗവാനാണ്, കൃഷ്ണനല്ല. നിങ്ങൾക്ക് ഈ ലഹരിയുണ്ടായിരിക്കണം നമ്മൾ രാജയോഗം പഠിച്ച് ഭാവിയിൽ പ്രിൻസ് പ്രിൻസസ് ആയി തീരും. ബാരിസ്റ്ററി പഠിക്കുമ്പോൾ അതിന്റെ ലഹരി ഉണ്ടായിരിക്കും. പരീക്ഷ പാസായി കസേരയിൽ വക്കീലായി ഇരിക്കും. നിങ്ങൾക്കറിയാം സർവ്വർക്കും മരിക്കണം. ഇപ്പോൾ ബാബ പറയുന്നു മരിക്കുന്നതിന് മുമ്പ് പുരുഷാർത്ഥം ചെയ്യൂ. ഈ സമയത്ത് നിങ്ങളുടെ സ്നേഹം കേവലം എന്നോട് മാത്രമാണ്. കൗരവരുടേത് വിപരീത ബുദ്ധിയായിരുന്നു, പാണ്ഡവരുടേത് പ്രീത ബുദ്ധിയും. അപ്പോൾ പ്രീത ബുദ്ധിയുള്ളവരുടെ സ്ഥാപനയും വിപരീത ബുദ്ധിയുള്ളവരുടെ വിനാശവും ഉണ്ടാകണം. ഇത് പഠിത്തമാണ്. ആദ്യം നിശ്ചയം ഉണ്ടായിരിക്കണം- ബാബ നമ്മെ രാജാക്കൻമാരുടെയും രാജാവാക്കാനാണ് പഠിപ്പിക്കുന്നത്. ഓരോ 5000 വർഷങ്ങൾക്ക് ശേഷം നിങ്ങളെ പഠിപ്പിക്കാൻ വരുന്നു. ഡ്രാമയിൽ ഒരു വ്യത്യാസവും ഉണ്ടാകില്ല.

നിങ്ങൾക്കറിയാം സത്യം പറയുന്നത് ഒരേയൊരു ബാബ മാത്രമാണ്. ബാക്കി മനുഷ്യരെല്ലാം ഈശ്വരനെ കുറിച്ച് തെറ്റായ മാർഗ്ഗമാണ് കേൾപ്പിക്കുന്നത്, ബാബയുടെ രചനയെ കുറിച്ച് എന്ത് പറയുന്നുവൊ അതെല്ലാം അസത്യമാണ്. മനുഷ്യർ മനസ്സിലാക്കുന്നുണ്ട് എന്നാൽ ഇത് വരെ അതിന്റെ പ്രഭാവം ഉണ്ടാകുന്നില്ല, സമയമായിട്ടില്ല. ട്രെയിൻ സമയത്തല്ലെ എത്തുകയുള്ളൂ. 8മണിക്ക് പകരം 2 മണിക്ക് എത്തില്ലല്ലോ. നമ്മൾ ഈ പുരുഷാർത്ഥം ചെയ്ത് ചെയ്ത് മനസ്സിലാക്കുന്നു- ഇപ്പോൾ വേഗം സ്വർഗ്ഗത്തിലേക്ക് പോകണം എന്ന്. എന്നാൽ സ്റ്റേഷൻ മാസ്റ്ററായ ബാബ പറയുന്നു- കൊടി കാണിക്കാൻ സിഗ്നൽ ലഭിച്ചിട്ടില്ല, ഇനിയും താമസമുണ്ട്. രാജ്യം സ്ഥാപിതമായാലല്ലേ പോകാനാകൂ. വളരെ കുട്ടികൾ പറയുന്നുണ്ട്- ബാബാ, ഇവിടെ ജീവിച്ച് ഞങ്ങൾ മടുത്തു. ബാബ പറയുന്നു- ഇത് നിങ്ങളുടെ നമ്പർ വൺ ജന്മമാണ്, ഇവിടെ നിങ്ങൾ നിരാശപ്പെടരുത്. വന്ദേ മാതരം എന്ന് പാടാറുണ്ട്. നിങ്ങൾ യോഗബലത്തിലൂടെ മുഴുവൻ വിശ്വത്തെയും പാവനമാക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ഈ വിനാശകാലത്ത് ഒരേയൊരു ബാബയോട് സത്യമായ സ്നേഹം വെയ്ക്കണം. ഞാൻ രാജയോഗം പഠിച്ച് ഭാവിയിൽ പ്രിൻസ് പ്രിൻസസ് ആയി തീരും എന്ന ലഹരിയിൽ സദാ ഇരിക്കണം.

2. യോഗബലത്തിലൂടെ മുഴുവൻ വിശ്വത്തെയും പാവനമാക്കുന്നതിനുള്ള സേവനം ചെയ്യണം. ഈ നമ്പർ വൺ ജന്മത്തിൽ മടുപ്പ് വരരുത്.

## വരദാനം:- സ്നേഹത്തിന്റെയും ഭാവനയുടെയും ബന്ധനത്തിൽ ഭഗവാനെപ്പോലും കെട്ടിയിടുന്ന മഹിമായോഗ്യരായി ഭവിക്കട്ടെ.

ഭക്തിമാർഗ്ഗത്തിൽ പാടാറുണ്ട് അതായത് ഗോപികമാർ ഭഗവാനെപ്പോലും ബന്ധനത്തിൽ തടഞ്ഞുവെച്ചുവെന്ന്. ചരിത്രരൂപത്തിൽ പാടപ്പെടുന്ന ഇത് സ്നേഹത്തിന്റെയും ഭാവനയുടെയും ബന്ധനമാണ്. താങ്കൾ കുട്ടികൾ ഈ സമയത്ത് പരിധിയില്ലാത്ത കൽപവൃക്ഷത്തിൽ സ്നേഹത്തിന്റെയും ഭാവനയുടെയും കയർ കൊണ്ട് ബാബയെപ്പോലും കെട്ടിയിടുന്നു, ഇതിന്റെ തന്നെയാണ് മഹിമ ഭക്തിമാർഗ്ഗത്തിൽ പാടി വരുന്നത്. ബാബ പിന്നീട് ഇതിന് പ്രതിഫലമായി സ്നേഹത്തിന്റെയും ഭാവനയുടെയും രണ്ട് കയറുകൾക്കും ഹൃദയസിംഹാസനം കൊടുത്ത് ഊഞ്ഞാലുണ്ടാക്കി കുട്ടികൾക്ക് കൊടുക്കുന്നു, ഈ ഊഞ്ഞാലിൽ തന്നെ ആടിക്കൊണ്ടിരിക്കൂ.

## സ്ലോഗൻ :- സ്വയത്തെ ഏതൊരു പരിതസ്ഥിതിയിലും വഴങ്ങിക്കൊടുക്കുന്നവർ തന്നെയാണ് സത്യമായ സ്വർണ്ണം.